# ജനകീയാസൂത്രണം മുപ്പതാണ്ട് പിന്നിടുമ്പോൾ...

**2026 ആഗസ്റ്റ് 16, കോട്ടൺഹിൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ , തിരുവനന്തപുരം**

## ലിംഗനീതിയും തദ്ദേശഭരണവും

സെക്ഷൻ : 4

പേര് : ഡോ. അമൃത് രാജ് ആർ. എം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ത്രീശാക്തീകരണത്തിലും ലിംഗസമത്വം ഉറപ്പാക്കുന്നതിലും ലോകശ്രദ്ധ നടിയ മാതൃകകളാണ്. 1996-ൽ ആരംഭിച്ച ജനകായാസൂത്രണ പ്രസ്ഥാനവും(People's Plan Campaign) അതിനു ശേഷമുണ്ടായ വികേന്ദ്രീകൃത ഭരണ പരിഷ്കാരങ്ങളുമാണ് ഇതിന് ശക്തമായ തറക്കല്ലിട്ടത്.

**പ്രധാന സവിശേഷതകളും നേട്ടങ്ങളും**

1. **50% സ്ത്രീ സംവരണം**
   കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കായി 50 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, നഗരസഭാ അധ്യക്ഷന്മാർ, വാർഡ് അംഗങ്ങൾ എന്നീ നിലകളിൽ ആയിരക്കണക്കിന് സ്ത്രീകൾ രാഷ്ട്രീയ-ഭരണ രംഗങ്ങളിൽ സജീവ നതൃത്വത്തിലേക്ക് ഉയർന്നു വന്നു.
2. **ജൻഡർ ബജറ്റിംഗ് (Gender Budgeting)**
   തദ്ദേശ ഭരണ കൂടങ്ങളുടെ വാർഷിക പദ്ധതി തുകയുടെ 10% തുക സ്ത്രീകളുടെ വികസനത്തിനും ക്ഷേമത്തിനുമായി (Women component Plan -WCP) നിർബന്ധമായും മാറ്റിവെക്കുന്നു. തദ്ദേശീയമായ പദ്ധതികൾ തയ്യാറാക്കാൻ ഇത് സഹായിക്കുന്നു
3. **കുടുംബശ്രീയുടെ പങ്ക് (Kudumbashree mission)**
   1998-ൽ ആരംഭിച്ച കുടുംബശ്രീ പ്രസ്ഥാനം പ്രാദേശീക ഭരണ കൂടങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്ന സ്ത്രീകളുടെ ഏറ്റവും വലിയ അയൽക്കൂട്ട ശ്യംഖലയാണ്. സാമ്പത്തിക സ്വയം പര്യാപ്തത, സംരംഭകത്വം, സാമൂഹിക ശാക്തീകരണം എന്നിവ ഉറപ്പാക്കാൻ കുടുംബശ്രീക്ക് സാധിച്ചു. തദ്ദേശ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന ഭൂരിഭാഗം സ്തികളും കുടുംബശ്രീയിലൂടെ നേതൃപാടവം വളർത്തിയെടുത്തവരാണ്.
4. **ജൻഡർ റിസോഴ്സ് സെന്ററുകളും ജാഗ്രതാ സമിതികളും**
   പഞ്ചായത്ത് തലങ്ങളിൽ പവർത്തിക്കുന്ന ജാഗ്രതാ സമിതികൾ സ്ത്രീകൾക്കതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവർക്ക് നീതി ഉറപ്പാക്കുന്നതിനും മുൻകൈ എടുക്കുന്നു. ഓരാ വാർഡിലും ജൻഡർ സൗഹൃദ അന്തരീക്ഷം ഉറപ്പാക്കാൻ പ്രദേശിക ഭരണകൂടങ്ങൾക്ക് സാധിക്കുന്നു.

**സംഗ്രഹം**

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ത്രീകളെ വെറുമൊരു "ഗുണഭോക്താവ്" എന്ന നിലയിൽ നിന്ന് മാറ്റി, തീരുമാനങ്ങളെടുക്കുന്ന "ഭരണകർത്താക്കൾ" എന്ന നിലയിലേക്ക് ഉയർത്തി. ഇത് സമൂഹത്തിൽ വലിയ രീതിയിലുള്ള സാമൂഹിക മാറ്റത്തിന് വഴി തളിച്ചു. എങ്കിലും ലിംഗ നീതി കൈവരിക്കാൻ നാം ഇനിയും ഏറേ സഞ്ചരിക്കേണ്ടി ഇരിക്കുന്നു.

1. വനിത ഘടക പദ്ധതി എത്ര കണ്ട് സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്താൻ സഹായിച്ചു?
2. ജാഗ്രത സമിതികളുടെ പ്രവർത്തനം കാര്യക്ഷമം ആക്കാൻ എന്തൊക്കെ ചെയ്യാനാകും?
3. സമൂഹത്തിൽ ലിംഗപദവി സംവേദന ക്ഷമത (gender sensitivity) കൈവരിക്കാൻ എന്തൊക്കെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാം?
4. ജൻഡർ റിസോഴ്സ് സെൻ്ററുകളുടെ പ്രവർത്തനം എങ്ങനെ മെച്ചപെടുത്താം?
5. കേരളത്തിന്റെ ജൻഡർ സൂചകങ്ങൾ മെച്ചപെടുത്താൻ ഉതകുന്ന ഇടപെടലുകൾ എന്തൊക്കെയാണ്?